**DESHABHIMANI - 26-04-2025**

# സിഫ്റ്റ് സ്ഥാപിതദിനാഘോഷം: ഓപ്പൺ ഹൗസ് 29ന്

**കൊച്ചി**

മത്സ്യമേഖലയിലെ സാങ്കേതികവിദ്യകളും അറിവുകളും കൂടുതൽ ജനകീയമാക്കാൻ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് 29ന് പൊതുജനങ്ങൾക്ക് പ്രവേശനം നൽകും. സിഫ്റ്റിന്റെ 68–ാമത് സ്ഥാപിതദിനാചരണത്തിന്റെ ഭാഗമായാണ് ഓപ്പൺ ഹൗസ് പ്രദർശനം നടത്തുന്നത്. സിഫ്റ്റിലെ ഓരോ ഡിവിഷനിലെയും സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ തുടങ്ങിയവ മനസ്സിലാക്കാം. വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. രാവിലെ 9.30 മുതൽ പകൽ ഒന്നുവരെയാണ് ഓപ്പൺ ഹൗസിന്റെ സമയം. പ്രവേശനം സൗജന്യമാണ്. സ്കൂൾ– കോളേജ് വിദ്യാർഥികൾക്കായി ചിത്രരചനാമത്സരവും ഉപന്യാസരചനാമത്സരവും നടത്തും. 27നുമുമ്പ് അപേക്ഷിക്കണം. ഫോൺ: 98954 79974.